
സൃഷ്ടി
എം.റ്റി.വി.എച്ച്.എസ്.എസ് കുന്നം
ലിറ്റിൽകൈറ്റ്സ് ഡിജിറ്റൽ മാഗസിൻ
2019-20



## ആശംസകൾ

വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന സർഗാത്മകതയുടെ പരിപോഷണമാണല്ലോ വിദ്യാഭ്യാസത്തിലൂടെ സാധ്യമാകേണ്ടത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങൾ ഹൈടെക്കായി മാറിയപ്പോൾ ഡിജിറ്റൽ സംവി ധാനങ്ങളിലൂടെ തങ്ങളുടെ ഭാവനകളെ പ്രകാശിപ്പിക്കാൻ ഇന്ന് കുട്ടികൾക്ക് കഴിയുന്നു.അതിനായി ലിറ്റിൽകൈറ്റ്സ് ഐ ടി ക്ലബ് വഹിക്കുന്ന പങ്ക് നിസ്തുലമാണ്.ലിറ്റിൽകൈറ്റ്സ് പുറത്തിറ ക്കുന്ന ഈ ഡിജിറ്റൽ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു

മറിയാമ്മ വർഗീസ്

ഹെഡ്മിസ്ട്രസ്

എം റ്റി വി എച്ച് എസ് എസ് കുന്നം



# എഡിറ്റോറിയൽ

സാങ്കേതികവിദ്യയുടെ സമഗ്ര സാധ്യതകളെ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസരംഗത്ത് ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ് ലിററിൽ കൈറ്റ്സ്ഐ ടി കൂട്ടായ്മ.

സാങ്കേതിക വിദ്യയിൽ കുട്ടികൾക്ക് ആഭിമുഖ്യം വളർത്തുക എന്ന ലക്ഷ്യത്തോടൊപ്പം കുട്ടികളിലെ സർഗാത്മകതയെ തൊട്ടുണർത്തുക എന്ന ലക്ഷ്യവും ഈകൂട്ടായ്മയിലൂടെ നിർവ്വഹിക്കപ്പെടുന്നു


പുതിയ കാലഘട്ടത്തിന്റെ അനിവാര്യതയ്ക്ക് അനുസൃതമായി ഡിജിറ്റൽ സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തുക,കുട്ടികളുടെ ഭാവനാത്മകമായ സൃഷ്ടികളെ സമൂഹത്തിന്റെ മുൻപിൽ അവതരിപ്പിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ പുറത്തിറക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ,ലിറ്റിൽകൈറ്റ്സ് കൂട്ടുകാർ സസ്നേഹം സമർപ്പിക്കുന്നു

## ***ആശംസകൾ***

സാങ്കേതിക വിദ്യയോട് പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്ന പദ്ധതിയാണ് ലിറ്റിൽകൈറ്റ്സ് ക്കൂട്ടായ്മ.കുട്ടികൾ സാമൂഹിക ബോധമുള്ളവരായി മാറുക കാലഘട്ടത്തിന്റെ ആവശ്യമാണ്.അതിനായിചിന്തകളെ സർഗാത്മകതയുടെ തലങ്ങളിലേക്ക് ഉയർത്തേണ്ടതുണ്ട്. .അതിലൂടെ മൂല്യബോധം വളർത്തുക എന്നലക്ഷ്യം സാക്ഷാത്ക്കരിക്കേണ്ടതുണ്ട്..സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ചിരിക്കുന്ന **"സൃഷ്ടി"** എന്ന ഈ ഡിജിറ്റൽ മാസികക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

**ബെറ്റി വർഗീസ്**

**കൈറ്റ് മിസ്ട്രസ്**



## പത്രാധിപ സമിതി അംഗങ്ങൾ

ചീഫ് എഡിറ്റർ : ശ്രീമതി മറിയാമ്മ വർഗീസ്

സ്റ്റാഫ് എഡിറ്റർ : ശ്രീമതി അന്ന വർഗീസ്

സ്റ്റുഡന്റ് എഡിറ്റർ : കുമാരി അനഘ ചന്ദ്രൻ

| | |
|---|---|
| അനന്തു അജികുമാർ | 9A |
| നിധിൻ മോൻ ബിജു | 9B |
| അഭിജിത്ത് ഷാജി | 9A |
| പൂജ വിജയകുമാർ | 9A |
| അനീറ്റ | 9A |
| ജെറിൻ | 9A |
| അനഘ ബിജു | 9B |

# ഇതളുകൾ വിരിയുമ്പോൾ


| | |
|---|---|
| സ്കൂൾ ചരിത്രം | 8 |
| അമ്മ | 9 |
| ഗാന്ധി സൂക്തങ്ങൾ | 10 |
| സ്റ്റീഫൻ ഹോക്കിങ്ങിന്റെ പ്രശസ്ത വാചകങ്ങൾ | 11 |
| ചിത്രം | 12 |
| അമ്മ | 13 |
| ചിത്രം | 14 |
| വിദ്യാർത്ഥികളും അച്ചടക്കവും | 15 |
| ഗണിതപഴഞ്ചൊല്ലുകൾ | 17 |
| ഉരുൾപോട്ടലിലുണ്ടായ പുഴ | 18 |
| ചിത്രം | 20 |
| ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ | 21 |
| പുലരിയുടെ മണിമുറ്റം | 23 |
| Nature | 24 |
| ചിത്രം | 25 |
| മാതൃത്വം | 26 |
| My Pet Dog | 27 |
| പഴഞ്ചോല്ലുകൾ | 28 |

| | |
|---|---|
| രാജ്യങ്ങളും അപരനാമങ്ങളും | 30 |
| മഞ്ചാടി മുത്തുകൾ | 31 |
| വസന്തം | 34 |
| എന്റെ മലയാളം | 35 |
| ആകാശം | 36 |
| ഗണിത കവിത | 37 |
| Proverb | 38 |
| സൂര്യ വിശേഷം | 39 |
| ചിത്രം | 41 |
| പൈതഗോറസും സംഖ്യകളും | 42 |
| The Wind Is Blowing | 43 |
| വർഗവും വർഗമൂലവും | 44 |
| മാരിവില്ല് | 45 |
| ചിത്രം | 46 |
| നല്ല സുഹൃത്ത് | 47 |
| The Sky | 49 |
| നന്ദി | 50 |




# കുന്നം മാർത്തോമാ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ

## ചരിത്രം

**റാന്നിയുടെ മകുടമായി പരിലസിക്കുന്ന കുന്നം ഗ്രാമത്തിൽ മാർത്തോമാ സുവിശേഷപ്രസംഗസംഘം 1925 ൽ ഒരു മിഷൻ കേന്ദ്രം ആരംഭിച്ചു.വിവിധരീതിയിൽ ഒറ്റപ്പെട്ട് പിന്നോക്കാവസ്ഥയിൽ ആയിരുന്ന ഈ പ്രദേശത്തിന്റെ സമഗ്ര ഉന്നമനത്തിനായി 1932 ൽ ഇ. എ .എൽ.പി സ്കൂൾ സ്ഥാപിതമായി.1954 ൽ ഹൈസ്കൂൾ ആരംഭിച്ചു.1977 ൽ പത്തനംതിട്ട ജില്ലയിലെ മികച്ച എസ് .എസ് എൽ. സി ഫലം കരസ്ഥമാക്കാൻ കഴിഞ്ഞു.1988 ൽ സുവർണ്ണജൂബിലി ആഘോഷിച്ചു. 2000 ൽ ഈ വിദ്യാലയം ഒരു വൊക്കേഷണൽ ഹയർസെക്കൻഡറിയായി ഉയർത്തപ്പെട്ടു.പിന്നോക്ക മേഖലയിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിന് പാഠ്യ പാഠ്യേതരപ്രവർത്തനങ്ങളിൽ ഒരു മികച്ചവിദ്യാലയമായി പ്രശോഭിക്കുവാൻ കഴിയുന്നു.പൂർവ്വവിദ്യാർത്ഥികൾ ഈ വിദ്യാലയത്തിന് എന്നും പ്രചോദനവും കൈത്താങ്ങുമാണ്.കഴിഞ്ഞ 4 വർഷക്കാലമായി എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കി ജൈത്രയാത്ര തുടരുന്നു**

# അമ്മ

അമ്മയെന്ന രണ്ടക്ഷരം അതുവല്യതാണ്

ആ രണ്ടക്ഷരത്തിലൊതുങ്ങുന്ന സർവ്വവും

സ്നേഹസാന്ത്വനവും കരുതലും അമ്മതന്നെ

ആ രണ്ടക്ഷരത്തെ പുജിപ്പവൻ

**വിശ്വകീർത്തിയാർജ്ജിക്കുന്നു...........**




## ജീവിതവിജയത്തിന് ഗാന്ധി സൂക്തങ്ങൾ

- ഉത്തമ വിദ്യാഭ്യാസത്തിന്റെ ആദ്യചവിട്ടുപടി ഒരു പരിശുദ്ധ ഹൃദയമാണ്
- ഓരോ വിദ്യാർത്ഥിക്കും അവരിലും ദൈവത്തിലും വിശ്വാസം ഉണ്ടായിരിക്കണം
- എല്ലാ അറിവിന്റെയും ഏക ലക്ഷ്യം സ്വഭാവരൂപവല്ക്കരണമാണ്
- സ്നേഹമാണ് ജീവിതക്ലേശങ്ങളെ ലഘൂകരിക്കുന്നത്
- വിദ്യാലയങ്ങൾ സ്വഭാവ രൂപവല്ക്കരണത്തിന്റെ മഹാക്ഷേത്രങ്ങളാണ്
- അയൽക്കാരനെ സ്നേഹിക്കാൻ നമ്മുടെ സമയത്തിന്റെ ഒരു പങ്ക് നാം ചെലവഴിക്കണം
- എല്ലാ ജീവിതവും ഒന്നാണെന്ന് നാം ഓർമ്മിക്കുമെങ്കിൽ നാം പരസ്പരം ശത്രുക്കളായി പെരുമാറാൻ കാരണമൊന്നുമില്ല.
- സത്യത്തിൽ വിശ്വസിക്കുന്നവൻ തന്നെയാണ് യഥാർത്ഥ ഈശ്വരവിശ്വാസി.
- ഏറ്റവും ഉദാത്തമായ പ്രാർത്ഥന നീതിപൂർമായി പ്രവർത്തിക്കുകയെന്നതാണ്
- എന്റെ ഏറ്റവും മഹത്തായ ആയുധം നിശബ്ദമായ പ്രാർത്ഥനയാണ്.

ജിബിൻ ജോസഫ

***9B***

# സ്റ്റീഫൻ ഹോക്കിങ്ങിന്റെ പ്രശസ്തവാചകങ്ങൾ



"അപൂർണതകളില്ലെങ്കിൽ
നീങ്ങളോ ഞാനോ
നിലനില്ക്കുമായിരുന്നില്ല"

" ഇരുപത്തിയൊന്നാമത്തെ
വയസ്സിൽ എന്റെ പ്രതീക്ഷകളെല്ലാം
അവസാനിച്ചതാണ്.അതിനുശേഷ
മുള്ളതെല്ലാം ബോണസുകളാണ്."

"ഒരു ശരാശരി നക്ഷത്രത്തിന്റെ
ഒപ്പമുള്ള ചെറിയൊരു ഗ്രഹത്തിലെ
വളർച്ചനേടിയ ഒരു വാനരയിനം
മാത്രമാണ് നമ്മൾ .
പക്ഷേ നമുക്ക് പ്രപഞ്ചത്തെ
മനസ്സലാക്കാൻ കഴിയും.
അതാണ് നമ്മളെ വ്യത്യസ്തരാക്കുന്നത്".

"ബഹിരാകാശത്തേക്കുനമ്മൾ
കുടി താമസം വ്യപീപ്പിച്ചില്ലെങ്കിൽ
മനുഷ്യവംശം അടുത്ത 1000
വർഷം കുടിപോലും നിലനില്ക്കുമെന്ന്
എനിക്ക് തോന്നുന്നില്ല.കാരണം,
ഒരുഗ്രഹത്തിലെ ജീവൻ ഇല്ലാതാക്കാൻ
പോന്ന ഒരുപാട് അപകടങ്ങളുണ്ട്.
പക്ഷേ ഞാനൊരു ശുഭാപ്തി
വിശ്വാസക്കാരനാണ് .നാം നക്ഷത്ര
ങ്ങൾ വരെയെത്തും".

"ഒരിക്കലും അധ്വാനം അവസാനിപ്പിക്കരുത്.
അധ്വാനമാണ് ജീവിതത്തിന് അർത്ഥവും
ലക്ഷ്യവും നല്കുന്നത്.അതില്ലെങ്കിൽ
ജീവിതം ശൂന്യമാണ്".

"കൃത്രിമബുദ്ധീയുടെവളർച്ച മനുഷ്യവം
ശത്തിന്റെഅവസാനത്തിനുതന്നെ
കാരണമാകാം.അതിവേഗത്തിൽ
സ്വയം മാറ്റങ്ങൾ വരുത്താനും
വികസിക്കാനും കഴിവുള്ള
കൃത്രിമബുദ്ധിക്ക് മിൻപിൽ
വളരെ പതുക്കെ മാത്രം പരിണാമം
സംഭവീക്കുന്ന മനുഷ്യന് പിടിച്ച്
നില്ക്ക്നാവില്ല".

അനന്തു അജികുമാർ
9A



# അമ്മ

അമ്മേ നീ എന്നടുത്തെത്തുന്നതെന്നാ

നിൻ മുഖം കാണുവാൻ കൺപാർത്തു നിന്നു.

നിൻ മടിക്കുള്ളിൽ കിടന്നുറങ്ങുമ്പോൾ

എൻ മനം സന്തോർഷപൂർണ്ണമാകും

നിൻ കൈകൾ എൻ മുടിക്കുള്ളിൽ തൊ-

ട്ടുമ്പോൾ എന്നിൽ സ്നേഹമാം അമ്മ

മാത്രം

അമ്മ തൻ എന്നിൽ വിളങ്ങുന്ന രൂപം

അമ്മയാണെൻമനം സ്നേഹപൂർണ്ണം



**പൂജ വിജയകുമാർ**

**9A**

സൃഷ്ടി



എം റ്റി വി എച്ച് എസ് എസ് കുന്നം

# വിദ്യാർത്ഥികളും അച്ചടക്കവും

ജീവിതത്തിന്റെ ഭദ്രതയ്ക്ക് മനുഷ്യൻ ചില നിയമങ്ങൾഅനുസരിക്കുകയും ആദരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇമ്മാതിരി നിയമങ്ങൾ എല്ലാ ദേശത്തും എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട്. സ്കൂളിലെ അച്ചടക്കം എന്നു പറയുമ്പോൾ എന്താണുദ്ദേശിക്കുന്നത് .? ക്ളാസിൽ ബഹളം കൂട്ടാതെയിരിക്കുക, അദ്ധ്യാപകർ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക, മറ്റുകുട്ടികൾക്ക് ഉപദ്രവമായി പെരുമാറാതിരിക്കുക, സ്കൂളിന്റെ അന്തസ്സിനു യോജിച്ചരീതിയിൽ പെരുമാറുക ഇവയെല്ലാം വിദ്യാർത്ഥികളെ സംബന്ധിച്ച ചില നിയമങ്ങളാണ്. സ്കൂളിൽ വെച്ചുമാത്രമല്ല നിയമങ്ങളെ അനുസരിക്കേണ്ടത്. ബസ്സിലോ ട്രെയിനിലോ സഞ്ചരിക്കുമ്പോഴും , ഒരു മീറ്റിംഗിൽ പങ്കെടുക്കുമ്പോഴും ഒക്കെ അങ്ങനെ ചെയ്യേണ്ടതുണ്ട്. ഈ അവസരങ്ങളിലൊക്കെ നിയമപ്രകാരം , അച്ചടക്കം പാലിക്കാതെ വന്നാലുള്ള സ്ഥിതി എന്തെന്ന് ആലോചിച്ചുനോക്കുക

ചെറുപ്പകാലങ്ങളിലാണല്ലോ പല ശീലങ്ങളും കുട്ടികളിൽ വേരുറയ്ക്കുന്നത്. നല്ലതായാലും ചീത്തയായാലും ആ ശീലങ്ങൾ ജീവിതകാലമത്രയും നിലനില്ക്കുകയും ചെയ്യും. അച്ചടക്കമില്ലായ്മ എന്നത് ചെറുപ്പത്തിലേ ഒരു ശീലമായിത്തീർന്നാൽ ജീവിതകാലം മുഴുവൻ അതിന്റെ ദൂഷ്യഫലം അനുഭവിക്കേണ്ടതായിവന്നേക്കാം. ശിക്ഷയെ ഭയന്നായിരിക്കും പലപ്പോഴും നാം അച്ചടക്കം പാലിക്കുന്നത്. ക്ളാസിൽ അദ്ധ്യാപകന്റെ

ശിക്ഷയെ ഭയന്ന് വിദ്യാർത്ഥികൾ ശാന്തരായിരുന്നെന്നുവരാം.കളിസ്ഥലങ്ങളിലോ, അദ്ധ്യാപകരുടെ സാന്നിദ്ധ്യമില്ലാത്ത മറ്റു രംഗങ്ങളിലോ ആരെയും അനുസരിക്കാതെ ബഹളം കൂട്ടുന്ന വിദ്യാർത്ഥികളെ നമുക്കറിയാം. ഇങ്ങനെയുള്ള വിദ്യാർത്ഥികൾ ശരിയായ അച്ചടക്കത്തെപ്പറ്റി ബോധമുള്ളവരല്ല. എന്നാണ് ഇതിന്റെ സാരം. ശിക്ഷ ഭയന്ന് പാലിക്കുന്ന അച്ചടക്കം ശരിയായ അച്ചടക്കമല്ല. സമൂഹത്തിന്റെ സുഖമാണ് വലുത് എന്ന മനസ്സിലാക്കുമ്പോൾ സമൂഹത്തിന് ഹാനികരമായ പ്രവർത്തികളിൽ നിന്ന് നാം പിൻതിരിയും. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള നിയമങ്ങളെ നാം അനുസരിക്കുകയും ചെയ്യും. ഇങ്ങനെ സാമൂഹ്യബോധം കൊണ്ട് സ്വയം ഉണ്ടാകുന്നതാണ് ശരിയായ അച്ചടക്കം. വിദ്യാഭ്യാസകാലം ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടകാലഘട്ടമാണ്. ഈ ഘട്ടത്തിൽ തന്നെയാണ് അച്ചടക്കബോധമുണ്ടാകേണ്ടത്. ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ പൗരന്മാരാണ് രാജ്യത്തിന്റെ ഭാവിഭാഗധേയം അവരാണ് നിർണ്ണയിക്കേണ്ടത്. അവർ അച്ചടക്കബോധത്തോടെ വളർന്നുവന്നില്ലെങ്കിൽ രാജ്യത്തിന്റെ ദുസ്ഥിതിക്ക് അതു കാരണമാകും അതിനാൽ അച്ചടക്കബോധമുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കേണ്ടത് സമൂഹത്തിന്റെയും രാജ്യത്തിന്റെയും ആവശ്യമാണ് എന്ന വസ്തുത നാം വിസ്മരിക്കരുത്. അപ്പോൾ സ്വന്തം നന്മയ്ക്കും സമൂഹത്തിന്റെ നന്മയ്ക്കും വിദ്യാർത്ഥികൾ അച്ചടക്ക ബോധത്തോടെ പെരുപമാറേണ്ടതുണ്ട് എന്ന വ്യക്തമാക്കുന്നു.

ഐബിൻ ജേക്കബ്

9A

# ഗണിത പഴഞ്ചൊല്ലുകൾ

1. അഞ്ചിൽ അറിഞ്ഞില്ലെങ്കിൽ അമ്പതിൽ അറിയും .
2. അഞ്ചു വിരലും ഒരുപോലെയല്ലേ
3. അരിയെറിഞ്ഞാൽ ആയിരം കാക്ക
4. താൻ പാതി ദൈവം പാതി
5. ആനയ്ക്ക് തടിഭാരം ഉറുമ്പിന് അരിഭാരം
6. ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
7. തേങ്ങ പത്തരച്ചാലും താളല്ലേ കറി
8. സമ്പത്തുകാലത്തു തൈപത്തുവെച്ചാൽ ആപത്തുകാലത്ത് കാ പത്ത് തിന്നാം
9. ഉടമയുടെ ദൃഷ്ടി ഒന്നാം തരം വളം
10. നഞ്ച് നന്നാഴി വേണ്ടാ

ജോയൽ ജേക്കബ് ബിജു


9A

# ഉരുൾപ്പൊട്ടലിലുണ്ടായ പുഴ

***പോയി മറഞ്ഞ ഓർമകളിൽ മുഴുകി സുതീഷ് ആ പുഴയോരത്ത് നിൽക്കുകയായിരുന്നു. അവന്റെ കണ്ണുകളിൽ ഒരു നീർച്ചാൽ ഒഴുകുന്നുണ്ടായിരുന്നു. ആ പുഴ എങ്ങനെ ഉണ്ടായി എന്ന് ചിന്തിച്ചപ്പോൾ അവന്റെ ഉള്ളിൽ ഭാരം പോലെ അവന് തോന്നി. രാവിലെ ചായകുടിക്കാനായി അടുക്കളയിൽ പോയി. അവിടെ കണ്ടത് രാവിലെ കുളിച്ചൊരുങ്ങി തലയിൽ തുളസിക്കതിരും ചൂടി നിൽക്കുന്ന അമ്മയെയാണ്.ചായയുമായി തിരിച്ചു വന്നപ്പോൾ ചാരുകസേരയിൽ പത്രവും വായിച്ചുകൊണ്ടിരിക്കുന്ന അച്ഛനെയാണ്. പണ്ടൊരു വാർക്ക പണിക്കു പോയി നടുവൊടിഞ്ഞതാണ് അച്ഛന്റെ. അന്നുമുതൽ വീടിന്റെ ചുമതലകളെല്ലാം അമ്മയുടെ തലയിലാണ്. വീടുകളിൽ പണിക്കുപോയും അവരുടെ എച്ചിൽ പാത്രം കഴുകിയുമാണ് എഞ്ചിനിയറിങ് വരെ അവനെ ആ അമ്മ പഠിപ്പിച്ചത്. മുറ്റത്ത് ദാ നിന്ന് കളിക്കുന്നു മണിക്കുട്ടി !.... അവൾ 10- ാം ക്ലാസ്സിലാണ്. ഒരു പൊട്ടിപ്പെണ്ണ്!.... അവന്റെ കുഞ്ഞനുജത്തി. ചേട്ടൻ കോളേജിൽ നിന്ന് വന്നു കഴിഞ്ഞാൽ പിന്നെ അവൾ അവന്റെ റൂമിലാണ്. എന്നാൽ അവനിലെ സന്തോഷങ്ങളെല്ലാം. തകർന്നുപോയത് ഒരൊറ്റദിവസമായിരുന്നു. അന്ന് ആ 1950 ആഗസ്റ്റ് 22-രണ്ടിന്. ഹോസ്റ്റലിൽ നിന്ന് മടങ്ങിയെത്തിയഅവനെ കാത്തിരുന്നത് അച്ഛന്റെയും അമ്മയുടേയും അവന്റെ കുഞ്ഞു പെങ്ങളുടേയും ചലനമറ്റ ശവശരീരങ്ങളായിരുന്നു. ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ കൂട്ടത്തിൽ തന്റെ കുടുംബക്കാരും ഉണ്ടെന്ന് അറിഞ്ഞപ്പോൾ അവൻ ആകപ്പാടെ തകർന്നു പോയിരുന്നു. തന്റെ കുഞ്ഞനുജത്തിയുടെ ശവശരീരത്തിനടുത്തിരുന്നപ്പോൾ***

അറിയാതെ അവന്റെ വായിൽ നിന്ന് മണിക്കുട്ടി എന്നുള്ള ശ്രുതി വന്നിരുന്നു. അത് കണ്ടുനിന്ന നാട്ടുകാർക്കും കൂട്ടുകാർക്കും മനസ്സിലെ സങ്കടം അടക്കാൻ കഴിഞ്ഞില്ല. അവരും അവന്റെ കൂടെ കരഞ്ഞുപോയി. ഇന്നും ആ സങ്കടം നെഞ്ചിൽ തിരതല്ലുകയാണ്. ആ പുഴയെ നോക്കുമ്പോൾ  ഉരുൾപ്പൊട്ടലിൽ ഭൂമി രണ്ടായി പിളർന്ന് ഉണ്ടായതാണ് ആ പുഴ. ആ പുഴയോരത്ത് നിൽക്കുമ്പോൾ 1950 ൽ നടന്ന് ആ ഉരുൾപ്പൊട്ടലും അച്ഛനും അമ്മയും മണിക്കുട്ടിയും എല്ലം ഓർത്തുപോകും.  മണിക്കുട്ടിയുടെ കുലുങ്ങിച്ചിരി ആ പുഴയിലൂടെ താളം കൊട്ടി ഒഴുകിയ പുഴവെള്ളത്തിനുണ്ടായിരുന്നു...................

പ്രിൻസി സണ്ണി
10A



**ഭക്ഷ്യവസ്തുക്കളിലെ വിഷപ്രയോഗവും മായം കലർത്തലും**

കേരളത്തെ പ്രകൃതിരമണീയമാക്കിത്തീർക്കുന്ന ഘടകങ്ങളാണ് പാടങ്ങൾ, നെൽവയലുകൾ, കൃഷിത്തോട്ടങ്ങൾ എന്നിവ. പച്ചപ്പിന്റെ മുഖപടമിട്ട കേരളത്തെ ദൈവത്തിന്റെ നാടായി നാം വിശേഷിപ്പിക്കുന്നു. ആധുനിക യന്ത്രങ്ങളുടെയും ശാസ്ത്രത്തിന്റെയും വളർച്ചയ്ക്കുവേണ്ടി, നാടിന്റെ പുരോഗതിക്കുവേണ്ടി ഈ പച്ചപ്പിനെ കുഴിച്ചുമൂടുകയായിരുന്നു. ഫാക്ടറികളും കൂറ്റൻ ഗൃഹങ്ങളും പണിയുയർത്തുന്നതിനുവേ **ഭക്ഷ്യ**ണ്ടി കുന്നുകളും വയലുകളും പാടങ്ങളും മണ്ണിട്ടുനികത്തി. കൃഷിസമൃദ്ധമായ നാടായിരുന്നു കേരളം . ഒരു കാലഘട്ടത്തിൽ കൃഷി ഉത്പന്നങ്ങൾ അയൽനാടുകളിലേക്ക് കയറ്റുമതി ചെയ്തിരുന്നു. നെൽപാടങ്ങളുടെ പച്ചപുതപ്പിട്ട കേരളം ഇന്ന് കൃഷി ഉപേക്ഷിച്ചു.

കേരള മക്കൾ അന്യനാടുകളിൽ തൊഴിൽ ചെയ്യുന്നു. വളരെ കുറച്ചു മാത്രമാണ് കേരളത്തിൽ കൃഷി ചെയ്യുന്നത്. അതിനാൽ അയൽ രാജ്യങ്ങളിൽ നിന്ന് വലിയതോതിൽ ഭക്ഷ്യവസ്തുക്കൾ ഇറക്കുമതി ചെയ്യപ്പെടുന്നു. ഇന്നത്തെ സമൂഹം ഭക്ഷിക്കുന്ന ഈ ഭക്ഷ്യവസ്തുക്കൾ മാരകമായ വിഷത്തിന്റെ കോക്കെയിലാണ്. മനുഷ്യശരീരത്തെ നശിപ്പിക്കുന്ന കൊടുംവിഷം. സ്വന്തം നേട്ടത്തിനും ലാഭത്തിനും വേണ്ടി മനുഷ്യർ പരസ്പരം ക്രൂരത പുലർത്തുന്നു. പനിബാധയാൽ മരിക്കുന്ന ആളുകളുടെ എണ്ണം വളരെ അധികമാണ്.

ഇതിന്റെ കാരണം തിരക്കി

ഡോക്ടർമാരുടെ പിന്നാലെ നടക്കേണ്ടതില്ല.നാം കഴിക്കുന്ന ഭക്ഷണത്തിൽ തന്നെ ഒളിഞ്ഞുകിടപ്പുണ്ട് അതിന്റെ ഉത്തരം. മുളകുപൊടിയിൽ ഇഷ്ടിക, മഞ്ഞൾപൊടിയിൽ ഉലുവ, കുരുമുളകിനോടൊപ്പം പപ്പായയുടെ കുരു തുടങ്ങിയ നിരവധിയാണ് നാം ഉപയോഗിക്കുന്ന ദൈനംദിന സാധനങ്ങളിൽ ചേർക്കുന്ന മായം. സുരക്ഷിതമായി നമ്മൾ അടുക്കളയിൽ അടച്ചുവെയ്ക്കുന്ന പലതിലും വിഷത്തിന്റെ അംശം ഉണ്ടെന്ന് പലപ്പോഴും നമ്മൾ തിരിച്ചറിയുന്നില്ല. അതുപോലെ കേരളത്തിൽ ഇന്നും ജനങ്ങൾ നേരിടുന്ന ഒരു വിപത്താണ് എൻഡോസൾഫാന്റെ ഉപയോഗം . ഹെലികോപ്റ്ററിൽ കീടനാശിനി നിറച്ച് ഉയരത്തിൽനിന്ന് കൃഷിത്തോട്ടങ്ങളിൽ തളിച്ചിരുന്നു. ഏക്കറോളം കൃഷിത്തോട്ടങ്ങളിൽ കീടനാശിനി തളിക്കുന്നതിനായി സമയവും തൊഴിലാളികളേയും കുറച്ചുകൊണ്ടുള്ള എളുപ്പവഴിയായിരുന്നു ഹെലികോപ്റ്ററിൽ നിന്ന് സ്പ്രേ ചെയ്യുന്നത് . എന്നാൽ വളരെ വൈകാതെ തന്നെ അവിടെ താമസിക്കുന്ന ജനങ്ങൾക്ക് ഈ കീടനാശിനിയുടെ പ്രയോഗം വിപരീതമായി ഭവിച്ചു. ജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്താതെയുള്ള എൻഡോസൾഫാന്റെ ഉപയോഗത്താൽ ഇന്നും മരണത്തോട് മല്ലടിക്കുന്നവർ നിരവധിയാണ്. പലയിടങ്ങളിലും ഇതിന്റെ ഉപയോഗം നിരോധിച്ചുവെങ്കിലും കേരളത്തിൽ മറ്റു പല പേരുകളിലായി ഇതിന്റെ ഉപയോഗം തുടരുന്നു എന്നത് വേദനാജനകമായ കാര്യമാണ്. വിഷബാധ ഇല്ലാത്ത ഭക്ഷണം കഴിച്ചിരുന്ന നമ്മുടെ പൂർവ്വികരുടെ ആയുസ്സ് നൂറ് വയസ്സിന് മുകളിലായിരുന്നു. എന്നാൽ ഇന്ന് അത് ചുരുങ്ങി അൻപതുകളും നാൽപതുകളുമായി മാറി. ജനിച്ചുവീഴുന്ന കുട്ടികളെ പോലും ഇത് പ്രതികൂലമായി ബാധിക്കുന്നു.5 വയസ്സിൽ തന്നെ വൃക്ക നശിക്കുകയും, ഹൃദയത്തിന്റെ പ്രവർത്തനം കുറയുകയും, കാൻസർ ബാധിക്കുകയും ചെയ്ത അനേകം കുട്ടികൾ സഹായത്തിനായി അഭ്യർത്ഥിക്കുന്നത് മാധ്യമങ്ങളിലൂടെ

നമ്മൾ കാണാറുള്ളതാണ്. ഇതിന്റെ കാരണം വിഷമയം ഉള്ളതുകൊണ്ടാണ്. അത് കുട്ടികൾക്ക് കൊടുകുന്നതുമൂലം ഇതുപോലെയുള്ള അസുഖങ്ങൾ വളരെ ചെറുപ്പത്തിൽത്തന്നെഅവരെ ബാധിക്കുന്നു മത്സ്യമാംസാദികളിൽ അമിതമായി ഹോർമോണുകൾ കുത്തിവെയ്ക്കുന്നതായി പത്രങ്ങളിൽ വായിക്കാറുണ്ട് അടുത്തിടെ പത്രത്തിൽ നിറഞ്ഞുനിന്ന ഒരു വാർത്തയാണ് മീൻ വെള്ളത്തിൽ കഴുകിയെടുത്തപ്പോഴേക്കും വീട്ടമ്മയുടെ കൈയ്യിലെ സ്വർണ്ണവളയുടെ നിറംമാറിയെന്നത്. ഈ വ്യത്യാസത്തിന്റെ കാരണം അറിയുവാൻ ലാബ് പരിശോധന നടത്തിയപ്പോൾ

തെളിഞ്ഞത് ആസിഡുകളുടെ സാന്നിധ്യത്താലാണ് വളയുടെ നിറം മാറിയതെന്നാണ്.അത്രത്തോളം വിഷമാണ് ഓരോ ദിവസവും നമ്മുടെയുള്ളിൽ കടക്കുന്നത്. പിന്നെ എങ്ങനെ അസുഖം ബാധിതരാവാതിരിക്കും ഇതിനൊരു പരിഹാരം ജൈവപച്ചക്കറികളുടെ ഉപയോഗം കൂട്ടുക എന്നതാണ്.

കഴിവതും പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞ് വരുന്ന സാധനങ്ങൾ കഴിക്കാതിരിക്കുക. ഇന്ന് കടയിൽ കിട്ടുന്ന ചിപ്സ് തുടങ്ങിയ സാധനങ്ങളുടെ ഉപയോഗം നിർത്താൻ ശ്രമിക്കുക. എപ്പോഴെങ്കിലും ചിന്തിക്കാറുണ്ടോ കടകളിൽനിന്ന് വാങ്ങിയ ഉപ്പേരികൾക്കും മറ്റും എന്തുകൊണ്ടാണ് വീട്ടിലുണ്ടാക്കുന്ന ഉപ്പേരികളെക്കാളും തിളക്കവും, രുചിയും, നിറവും ഉണ്ടാകുന്നതെന്ന്. അതിന്റെ ഉത്തരം ഒന്നു മാത്രമാണ് തിളക്കത്തിനും നീണ്ടനാളത്തേക്ക് ചീത്തയാകാതിരിക്കുവാനും വേണ്ടി എണ്ണയോടൊപ്പം പ്ലാസ്റ്റിക് ചേർക്കുന്നു. അതിലൂടെ തിളക്കമുള്ള ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്നു. ഇത്തരത്തിൽ പല ഭക്ഷ്യവസ്തുക്കളോടൊപ്പം പ്ലാസ്റ്റിക്ക് ഉപയോഗിക്കാറുണ്ട്. ഈ അപകടങ്ങളിൽ നിന്നൊക്കെ രക്ഷ നേടുന്നതിനായി ചില മുൻകരുതലുകൾ ആരംഭിക്കാം. ഒരു പച്ചക്കറിതോട്ടം നിർമിക്കുവാൻ ശ്രമിക്കുക. പച്ചക്കറിതോട്ടം നിർമിക്കുവാൻ ശ്രമിക്കുക. ആശുപത്രികളിൽ ചിലവാക്കേണ്ടിവരുന്ന സമയത്തിന്റെയും രൂപയുടേയും പകുതിപോലും വരില്ല ജൈവകൃഷിക്ക് എന്ന് ഓർക്കുക. വീട്ടിൽ ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കുക. കടകളിലെ ഫാസ്റ്റ് ഫുഡ് കഴിവതും ഒഴിവാക്കുക.

"ആരോഗ്യമുള്ള പുതുതലമുറയ്ക്ക് വഴിയൊരുക്കാം"

ദർശന ജി എസ്

**പുലരിയുടെ മണിമുറ്റം**

കോകില രാഗങ്ങൾ മധുരമായ് ഒഴുകുന്ന
മണിമുറ്റമാകുന്ന പുലരി
സന്ധ്യയ്ക്ക് കൈകാട്ടി അർക്കദീപത്തെ
വരവേല്ക്കുവാൻ വരും പുലരി
പുഷ്പ സൗരഭ്യങ്ങൾ ഉൾക്കൊണ്ടു വന്നിടും
പുഷ്പസൗരഭ്യയാം പുലരി
പച്ചപ്പുൽത്തണ്ടിന്റെ അറ്റത്തുയരുന്ന
മഞ്ഞുതുള്ളിയിലും പുലരി
എന്നുള്ളിലെ സ്വപ്ന ജാലകവാതിലിൽ
എന്നുമുയരുന്നതുമീ പുലരി

കുളിരുന്ന കാറ്റിലും മധുപ രാഗത്തിലും
കേൾക്കുന്ന രാഗമീ പുലരി
ആഗാരവാതിലിൽ വെളിച്ചം പകരുവാൻ
ദീപമായണയുന്ന പുലരി
പൂവിന് പുഞ്ചിരി തൂകിയും
ഭൂമിക്ക് ഭംഗി പടർത്തുന്ന പുലരി
എന്നുള്ളിലെ സ്വപ്നജാലക വാതിലിൽ
എന്നുമണയുന്നതീ പുലരി

അർച്ചന പ്രസാദ്
9A

# Nature

*GREAT IS THE NATURE*

*THE STARS AND THE MOON,*

*WHO TWINKLE AND MINGLE*

*IN THE MURKY BLUE FIELD.]*

*THE BIG YELLOW BALL*

*THAT WAKE FROM MOUNTAIN*

*WHO MOVES ACROSS BLUESEA*

*AS THE CLOCK HANDLE MAY*

*GREAT ARE THE POURING DROPS*

*WHICH FALL UPON ME STROLL AROUND*

*WHICH MAKES ME WET WHEN IAM*

*AWAY FROM HOME............*

*ANAKHA CHANDRAN*
**9A**

സൃഷ്ടി



## മാതൃത്വം

പാരിൻ മക്കളായ്ത്തീരുവാൻ
ജന്മം നൽകിയനുഗ്രഹിച്ച തായേ
താരാട്ടിനീരടി പാടി മാറോടണ-
ച്ചെന്നെയുറക്കിയെന്നമ്മേ
കൈപിടിച്ചു പിച്ച നടക്കാൻ
എന്നെ പഠിപ്പിച്ചതും നീ താൻ
മുലപ്പാലിലൂടെ നിർമ്മല സ്നേഹം
നാവിൻ തുമ്പിൽ പകർന്നു നീ തന്നു
ജീവിത സാഗരത്തിലൊരു
ചെറുമീനായി നീന്തിത്തുടിക്കാൻ
പഠിപ്പിച്ചു നീയെന്നെ
നീ നടത്തിയ നേർ വഴികളിലൂടെ
മാത്രം ചരിക്കാനെനിക്കുവെളിച്ചമേകണേ
നിൻ വചനപ്പൂകളെനിക്കു നിത്യം തുണയാകണേ

അനീറ്റ ബിജു
9A



# MY PET DOG

IHAVE A PET DOG
ITS NAME IS ROSY

ROSY IS A SMALL DOG

ITS COLOUR IS BROWN

I PLAY WITH MY ROSY

MY ROSY IS VERY BEAUTYFULL

I LOVE MY ROSY

I THANK GOD FOR GIVING MY ROSY

SHE LIKE FRUITS VERY MUCH

I HAVE PATTED MY ROSY SO MUCH

ROSY BARKS WHEN STRAINGERS

COME TO MY HOME.

JOEL JACOB

9A

# പഴഞ്ചൊല്ലുകൾ

- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
- അച്ഛൻ ആന കേറിയാൽ മകന് തഴമ്പുണ്ടാകുമോ
- അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല
- അഞ്ചിലറിഞ്ഞില്ലെങ്കിൽ അമ്പതിലറിയും
- അഞ്ചുവിരലും ഒരുപോലെയല്ല
- അകത്തു കത്തിയും പുറത്ത് പത്തിയും
- അടിച്ചതിന്മേൽ അടിച്ചാൽ അമ്മിയും പറക്കും
- അടുത്തവനെ കെടുത്തരുത്
- അടിതെറ്റിയാൽ ആനയും വീഴും
- ആനമെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ
- ആനയ്ക്ക് തടിഭാരം ഉറുമ്പിന് അരിഭാരം
- ആളേറിയാൽ പാമ്പ് ചാവില്ല
- ഇടിവെട്ടിയവനെ പാമ്പ് കടിച്ചു
- ഇരയിട്ടാലെ മീൻ കിട്ടൂ
- ഉണ്ടചോറിൽ കല്ലിടരുത്
- ഉരുളുന്നകല്ലിൽ പുരളുമോ പായൽ

- എല്ലാവരും പല്ലക്കേറിയാൽ ചുമക്കാൻ ആളില്ല
- ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും
- ഐകമത്യം മഹാബലം
- ഒരുകോഴികൂകിയാൽ നേരം പുലരില്ല
- ഓളം നിന്നിട്ട് കടലിൽ ഇറങ്ങുമോ
- ഓടുന്ന പട്ടിക്ക് ഒരുമുഴം മുമ്പേ
- ഓണം വന്നാലും ഉണ്ണിപിറന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ

അലീന ബിജു

**9A**

## രാജ്യങ്ങളും അപരനാമങ്ങളും

കവികളുടെ നാട് - ചിലി

തടാകങ്ങളുടെ നാട് - ഫിൻലൻഡ്

മാർബിളിന്റെ നാട് - ഇറ്റലി

വെള്ളാനകളുടെ നാട് - തായ്ൻഡ്

ഇടിമിന്നലിന്റെ നാട് - ഭൂട്ടാൻ

പാതിരാസൂര്യന്റെ നാട് - നൊർവെ

പുഞ്ചിരിയുടെ നാട് - തായ്‌ലൻഡ്

മഞ്ഞിന്റെ നാട് - ക്യാനഡ

നീലാകാശത്തിന്റെ നാട് - മംഗോളിയ

ദ്വീപുകളുടെ നാട് - ഇൻഡോനേഷ്യ

കമ്പിളിയുടെ നാട് - ഓസ്ട്രേലിയ

കേക്കുകളുടെ നാട് - സ്കോട്‌ലൻഡ്

വിശുദ്ധ നാട് - പാലസ്തീൻ

ആനകളുടെ നാട് - ലാവോസ്

അലൻ ജയിംസ്
9A

# മഞ്ചാടി മുത്തുകൾ

എന്നത്തെയും പോലെ സൂര്യൻ ഇന്ന ഇരുട്ടിൻെ കാറിനെ നിക്കി അർക്കദീപവുമായി ആകാശത്ത് വന്നെത്തി .അന്ന് നല്ല തെളിച്ചമായിരുന്നു, എന്നാൽ മുത്തശ്ശിയുടെ മനസ്സിന് അന്ന് സന്തോഷിക്കാൻ കഴിഞ്ഞില്ല. കാരണം അന്നുമുതൽ വിണ്ടും മുത്തശ്ശി ആ വിട്ടിൽ ഒറ്റക്കാവുകയാണ്. മക്കളെല്ലാവരും ദിർഘനാളത്തെ ഓണാവധിക്കുശേഷം തിരികെ അവരുടെ തിരക്കുകളിലെക്ക് പോകുന്നു.

മുത്തശ്ശിക്ക് രണ്ട് മക്കളുണ്ട് രണ്ട് പേരും വിദേശത്താണ്, മൂന്ന് പേരക്കുട്ടികളുണ്ട് ഒരാളൾ മീനാക്ഷി അവൾ മുത്തശ്ശിയുടെ രണ്ടാമത്തെ മകന്റെ മകളാണ് ഒന്നാമത്തേത് മകളാണ് ആദിത്യനും , ആദിദേവുമാണ് ആ മകളുടെ മക്കൾ .ആദിദേവാണ് കൊച്ചുമക്കളിൽ മുതിർന്നയാൾ. അവൻ ജോലിക്കുവേണ്ടി കോളേജിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്.ഒരുപാട് കഷ്ടപ്പെട്ടാണ് മുത്തശ്ശി തൻെറ രണ്ട് മക്കളെയും പഠിപ്പിച്ചത്. മുത്തശ്ശിയുടെ ഭർത്താവ് ചെറുപ്പത്തിൽ തന്നെ മരിച്ചു . മക്കളെ പഠിപ്പിച്ച് വിവാഹവും കഴിപ്പിച്ചു. വയലിൽ പണിയെടുത്ത് കഷ്ടപ്പെട്ടു . മക്കൾ പഠിച്ച് വിദേശത്ത് ജോലി വാങ്ങിച്ചു. ഇപ്പോൾ മുത്തശ്ശി വിട്ടീൽ വിശ്രമിക്കുകയാണ്. വയസ്സേറിയതുകൊണ്ടാവാം മുത്തശ്ശിയുടെ കൈകളുടേയുടെയും കാലുകളുടേയുമെല്ലാം ബലം ഇപ്പോൾ കുറയുന്നു . ഒറ്റയ്ക്ക് താമസിക്കുന്നത് കൊണ്ട് പല മാനസ്സിക സംഘർഷങ്ങളും മുത്തശ്ശി അനുഭവിക്കുന്നുമുണ്ട് . പലപ്പോഴും മക്കളെക്കാണാൻ ആ അമ്മ കൊതിക്കുമ്പോൾ അവർ അവിടെ ഉണ്ടാകാറില്ല .കാരണം അവർക്ക് നല്ല ജോലിത്തിരക്കാണവിടെ അങ്ങനെ മുത്തശ്ശി ആ വലിയ ആഗാരത്തിൽ ഒറ്റപ്പെട്ട് കഴിഞ്ഞു .

മിനാക്ഷിക്ക് മുത്തശ്ശിയെ വലിയ ഇഷ്ടമായിരുന്നു.എപ്പോഴും മുത്തശ്ശിയുടെ പിറകെ അവളുണ്ടാകും. ഓണക്കാലത്ത് എല്ലാവരും വിട്ടിലെത്തിയപ്പോൾ സന്തോഷമൊന്ന് കാണേണ്ടത് തന്നെയായിരുന്നു. എപ്പോഴത്തേയും പോലെ മീനാക്ഷി മുത്തശ്ശിയുടെ പിറകെകൂടി. മുത്തശ്ശി അവർക്ക് കഥകളും കളികളും പറഞ്ഞുകൊടുക്കും. മുത്തശ്ശി അവളെ മീനു എന്നേ വിളിക്കുകയുള്ളു. മുത്തശ്ശി എന്നും മീനുവിനൊരു വഴികാട്ടിതന്നെയായിരുന്നു .കൊച്ചുകുട്ടിയായതിനാൽ മുത്തശ്ശിയെ പിരിയുന്ന കാര്യവും

അവളെ ഏറെ വിഷമിപ്പിക്കുന്നതായിരുന്നു. ഒരിക്കൽ വീട്ടിൽ ഒരു കുപ്പിയിൽ മുത്തശ്ശി ഇട്ടുവച്ചിരുന്ന മഞ്ചാടി മുത്തുകൾ മിനാക്ഷി കണ്ടു . വിദേശത്ത് താമസിച്ചിരുന്ന കുഞ്ഞു മിനാക്ഷിക്ക് അത് കണ്ട് എന്താണെന്ന് മനസ്സിലായില്ല .അവൾ മുത്തശ്ശിയോട് അതെന്താണെന്ന് തിരക്കി. 'ഇത് മഞ്ചാടി മുത്തുകളാണ് മോൾക്ക് അറിയില്ല്യേ?' എന്ന് മുത്തശ്ശി ചോദിച്ചു.

ഇല്ല്യാലോ, ഇത് മുത്താണലോ .അപ്പോ ഇത് മാലേലൊക്കെഇടാൻ പറ്റും . മഞ്ചാടി ഒരു കായാണെന്നും അത് മരത്തിലുണ്ടാകുന്നതാണെന്നും അമ്മ അവളെ പറഞ്ഞു മനസിലാക്കി.കുറച്ച് മഞ്ചാടിമുത്തുകൾ അവൾക്കു നല്കിയിട്ട് ബാക്കിയുണ്ടായിരുന്ന മഞ്ചാടിമുത്തുകളുമായി മുത്തശ്ശി അവളെ കൂട്ടി പറമ്പിലേക്ക് പോയി അവിടെ കുഴിച്ചിട്ടു.

ദിവസങ്ങൾ കടന്നുപോയിരിക്കുന്നു.ഓണാവധി കഴിഞ്ഞ് അവർ വിദേശത്തേക്ക് തിരിച്ചു.മുത്തശ്ശിതന്ന മഞ്ചാടി മുത്തുകൾ അവൾ തന്റെ മനസിനോടും ഹൃദയത്തോടും ചേർത്തുവെച്ചു. വർഷങ്ങൾ കടന്നുപോയി. മീനുവിന്റെ മാതാപിതാക്കളും വിദേശവാസം ഉപേക്ഷിച്ച് നാട്ടിൽ മടങ്ങിയെത്തി. മുത്തശ്ശിയിപ്പോ കിടപ്പിലാണ്. മിനുവിനേയും ആദിത്യനേയും ആദിദേവിനെയും കുറെ ദിവസമായി കാണണമെന്ന് മുത്തശ്ശി പറയുന്നുണ്ട് .എന്നാൽ അമ്മയുടെ രണ്ട് മക്കളും മുത്തശ്ശിയുടെ ആവശ്യത്തെപ്പറ്റി അവരുടെ മക്കളോട് പറഞ്ഞില്ല . കാരണം അതു പറയുമ്പോൾ മക്കളെല്ലാം ജോലി ഉപേക്ഷിച്ച് വരുമെന്ന് അമ്മക്ക് അറിയാമായിരുന്നു. മുത്തശ്ശിയെക്കാളും അവർക്ക് വലുത് ജോലി ആയിരുന്നു .വന്ന് വന്ന് അവർക്ക് അമ്മയെ നോക്കാൻ മടിയായി വന്നു. ആ അമ്മയെ ഉപേക്ഷിക്കാൻ തിരുമാനിച്ചു .എന്നാൽ സാഹചര്യം ഉണ്ടായില്ല .എന്നാൽ ആ മുത്തശ്ശി ആ ലോകം വിട്ട് യാത്രയായി. മീനാക്ഷിയും സഹോദരങ്ങളും വിവരമറിഞ്ഞ് വീട്ടിലെത്തി.അവൾ മുത്തശ്ശിയെ നോക്കി പൊട്ടിക്കരഞ്ഞു.എല്ലാ ചടങ്ങുകളും കഴിഞ്ഞ് തിരിച്ച് പോകാനുള്ള സമയമായി.അവൾ യാത്ര പറയാനായി മുത്തശ്ശിയുടെ അസ്ഥിത്തറയിൽ എത്തി.പെട്ടെന്ന് വന്ന മന്ദമാരുതൻ അവളുടെ മുടിയിഴകളിൽ തഴുകി എന്തോ പറയാൻ ശ്രമിക്കുന്നതുപോലെ തോന്നി.ആസമയം അവളുടെ കൈകളിലേക്ക് എന്തോ വന്ന്

*വീണു.മഞ്ചാടിമുത്തുകൾ...മുത്തശ്ശി പണ്ട് കഴിച്ചിട്ട മഞ്ചാടിമുത്തുകൾ...മുത്തശ്ശി.അവളുടെ കാതുകളിൽ മുത്തശ്ശിയുടെ ശബ്ദവീചികൾ ഇരമ്പലായി നിന്നു.മനസ്സിലേക്ക് മുത്തശ്ശിയുടെ ഓർമകൾ ...അവൾ പൊട്ടിക്കരഞ്ഞു.പെട്ടെന്ന് മഴ പെയ്തു.ആ മഴവെള്ളം അവളെ ആകെനനച്ചു.'മീനു നീ എവിടെയാ'? അമ്മ വിളിക്കുന്നു.അവൾ വീട്ടിലേക്ക് പോയി.ആമഞ്ചാടിമുത്തുകൾ അരപ്പോഴും അവളുടെ കൈകളിൽ ഉണ്ടായിരുന്നു.ഒപ്പം മുത്തശ്ശിയുടെ ഓർമകളും*

അർച്ചന പ്രസാദ്

**9A**

## *വസന്തം*

വരവായി പൂക്കാലം
മനസ്സിനു ഇമ്പം പകരുന്നു നീ
മുല്ലയും റോസയും പൂത്തു നില്ക്കുന്നിതാ
പിച്ചിക്ക് എന്തൊരു മണം
പറയൂ എവിടുന്നു കിട്ടീ നിങ്ങൾക്കീ ഗന്ധം
എവിടെ നിൻ കൂട്ടുകാർ
ചിത്രശലഭങ്ങൾ വരുന്നു നിൻ തേൻനുകരാൻ
എൻ മൗനത്തിനുള്ളിലും നിൻ സുഗന്ധം
ഇമ്പം പകർത്തുന്നുവല്ലൊ
എവിടെ നിൻ മൗനം
നിൻ വാചാലം എൻ സംതൃപ്തി
നിരന്നു നില്ക്കുന്നിതാ പുഷ്പങ്ങൾ
മഞ്ഞിൽ പൂത്തുലയുന്ന ഈ നറുമലരുകൾ
എന്നെന്നും വസന്തം പൊഴിക്കട്ടെ

ശ്രേയ അനിൽ കുമാർ

ക്ലാസ് 6B

# എന്റെ മലയാളം

മലയാളമാണെന്റെ ഭാഷ

എന്ത് സുഖമത് കേൾക്കാൻ

മലയാളമാണെന്റെ ഭാഷ

അമ്മ ചൊല്ലിത്തന്ന ഭാഷ

ഞങ്ങൾ പഠിക്കുമീ ഭാഷ

നന്നായി പഠിക്കുമീ ഭാഷ

അമ്മയെ പോലെയീ ഭാഷ

ഞങ്ങളുടെ സ്വന്തമീ ഭാഷ

വളരട്ടെ ഞങ്ങൾ തൻ ഭാഷ


ജയിക്കട്ടെ ഞങ്ങൾ തൻ ഭാഷ



അമ്മു പ്രസാദ്
9A

## ആകാശം

നീലിമയേറിയൊരാകാശം
കാർമുകിലുള്ളോരാകാശം
സൂര്യനുദിച്ചിടുമാകാശം
തിങ്കളുദിച്ചിടുമാകാശം
മഴവില്ലൊളിയുള്ളാകാശം
അഴകിന്നഴകാം ആകാശം
കുളിർകോരുന്നോരാകാശം
മാരി പൊഴിക്കുന്നാകാശം
മഞ്ഞല പെയ്തിടുമാകാശം
എന്തൊരു നല്ലോരു ആകാശം



നിധിൻമോൻ ബിജു

9 B

# ഗണിത കവിത:

# ഒന്നുമുതൽ പത്തുവരെ

ഒന്നെന്നു പറയുമ്പോൾ ഒന്നിച്ചു നിൽക്കണം
രണ്ടെന്നു പറയുമ്പോൾ കൈ രണ്ടും പൊക്കണം
മൂന്നെന്നു പറയുമ്പോൾ മൂക്കിൽ പിടിക്കണം
നാലെന്നു പറയുമ്പോൾ നാണിച്ചു നിൽക്കണം
അഞ്ചെന്നു പറയുമ്പോൾ ബെഞ്ചിലിരിക്കണം
ആറെന്നു പറയുമ്പോൾ ആടിക്കുഴയണം
ഏഴെന്നു പറയുമ്പോൾ എഴുന്നേറ്റ് നിൽക്കണം
എട്ടെന്നു പറയുമ്പോൾ പെട്ടെന്നിരിക്കണം
ഒമ്പതെന്നു പറയുമ്പോൾ ഓടിക്കളിക്കണം
പത്തെന്നു പറയുമ്പോൾ പൊത്തോന്നിരിക്കണം



ഗോകുൽ ബി നായർ
9A

# *PROVERBS*


*1.A little knowledge is a dangerous thing.*
*2.An apple a day  keeps the  doctor away.*
*3. A hungry man is an angry man.*
*4.Action speaks louder than  words.*
*5.A rolling stone gathors no moss.*
*6.An idle mind is the devil's workshop.*
*7.Variety is the spice of life.*
*8.Wisdom is better than rubies.*
*9.Failures are the  pillars of success.*
*10.Nothing succeeds like succes.*


*Anagha Unni*
**9A**

# സൂര്യവിശേഷം

- ഭൂമിയോട് ഏറ്റവും അടുത്ത നക്ഷത്രമാണ് സൂര്യൻ. ഭൂമിയിൽ നിന്ന്14.968 കോടി കിലോമീറ്റർ.
- സൂര്യന്റെ പ്രായം ഏകദേശം 460 കോടി വർഷം. ഇത്രയും കാലം കൂടി കത്തിജ്വലിച്ച് നില്ക്കാനുള്ള ബാല്യം സൂര്യനുണ്ടെന്ന് ശാസ്ത്രലോകം കരുതുന്നു.
- ക്ഷീരപഥം എന്ന ഗ്യാലക്സിയിലെ ഒരിടത്തരം നക്ഷത്രമാണ് സൂര്യൻ. സൂര്യനേക്കാൾ വലിപ്പവും പ്രകാശവുമുള്ള നക്ഷത്രങ്ങളുണ്ട്.
- സൂര്യന്റെ വ്യാസം ഏകദേശം 13,90,000 കിലോമീറ്റർ. ഭൂമിയുടെ വ്യാസത്തിന്റെ ഏതാണ്ട് 109 മടങ്ങ്.
- സൂര്യനിൽ ഏറ്റവും കൂടുതലുള്ള മൂലകങ്ങൾ ഹൈഡ്രജനും ഹീലിയവുമാണ്.
- ഹൈഡ്രജൻ ന്യൂക്ലിയസ്സുകൾ കൂടിച്ചേർന്ന് ഹീലിയം ന്യൂക്ലിയസ് ഉണ്ടാകുന്ന ന്യൂക്ലിയർ ഫ്യൂഷൻ പ്രക്രീയയിലൂടെയാണ് സൂര്യനിൽ ഊർജം ഉൽപാദിപ്പിക്കുന്നത്.
- 27 ദിവസം കൊണ്ട് സൂര്യൻ ഒരു കറക്കം പൂർത്തിയാക്കുന്നു. ക്ഷീരപഥത്തിന്റെ കേന്ദ്രത്തെ ഒരു തവണ പ്രദക്ഷിണം വയ്ക്കാൻ 25 കോടി വർഷം വേണം.ഈ കാലയളവിനെ കോസ്മിക് വർഷം എന്നുപറയുന്നു.

- സൂര്യന്റെ കേന്ദ്ര ഭാഗത്തെ താപനില 1,56,00,000 കെൽവിൻ ആണ്.
- സൗരയൂഥത്തിന്റെ കേന്ദ്രമായ സൂര്യൻ മറ്റ് നക്ഷത്രങ്ങളെ അപേക്ഷിച്ച് ഭൂമിയോട് കൂടുതൽ അടുത്തു നില്ക്കുന്നതുകൊണ്ടാണ് വലുതായിതോന്നുന്നത്.
- സൗരയൂഥത്തിന്റെ പിണ്ഡത്തിന്റെ 99.86 ശതമാനവും കൈയടക്കി വച്ചിരിക്കുന്നത് സൂര്യനാണ്.
- സൂര്യനിൽ നിന്ന് പ്രകാശം ഭൂമിയിലെത്താൻ 8 മിനിറ്റും 20 സെക്കൻഡും വേണം.
- സൂര്യനിൽ ദ്രവ്യം കാണപ്പെടുന്നത് പ്ലാസ്മാവസ്ഥയിലാണ്.
- ഭൂമിയുടെ ഗുരുത്വാകർഷണശക്തിയുടെ 28 ഇരട്ടിയാണ് സൂര്യന്റെ ആകർഷണബലം
- ചന്ദ്രനും ഭൂമിയും സൂര്യനും ഒരേ നേർരേഖയിലായി വരികയും ചന്ദ്രൻ ഭൂമിക്കും സൂര്യനും ഇടയിൽ ആവുകയും ചെയ്യുമ്പോൾ ***ചന്ദ്രന്റെ നിഴൽ ഭൂമിയിൽ പതിക്കുന്നു.ഇതാണ് സൂര്യഗ്രഹണം***





# പൈതഗോറസും സംഖ്യകളും

1,2,3,4......എന്നു തുടങ്ങി അനന്തത്തിലേക്ക് നീങ്ങുന്നവയാണ് പ്രകൃതിസംഖ്യകൾ . (Natural Numbers) . ക്രി. മു . 580 -500 കാലയയളവിൽ ജീവിച്ചിരുന്ന പൈതഗോറസ് ( Pythagorus ) എന്ന ഗണിതശാസ്ത്രജ്ഞന് പ്രാകൃതിക സംഖ്യകളെക്കുറിച്ച് ഉണ്ടായിരുന്ന ധാരണകൾ എന്തെല്ലാമാണെന്ന് അറിയാമോ? അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒറ്റസംഖ്യകൾ പുരുഷന്മാരും ഇരട്ടസംഖ്യകൾ സ്ത്രീകളും ആയിരുന്നു. 1 എന്ന സംഖ്യ എല്ലാറ്റിന്റെയും സ്രഷ്ടാവും, യുക്തിബോധത്തിന്റെ ദൈവവുമാണെന്ന് അദ്ദേഹം കരുതി. അഭിപ്രായങ്ങളുടെ ദൈവമാണ് 2. അതിശയകരമായി തോന്നുന്നവ മറ്റൊരു വസ്തുതയെന്തെന്നാൽ ആദ്യത്തെ സ്ത്രീ സംഖ്യയും 2 ആണ്. ആദ്യത്തെ യഥാർഥ പുരുഷ സംഖ്യയാണ് 3. 2 ഉം 2 ഉം ചേർന്നുണ്ടായതുകൊണ്ട് 4.നിഷ്പക്ഷതയുടെ ദൈവം ആദ്യത്തെ പുരുഷസംഖ്യയായ 3 ഉം ചേർന്ന് ഉണ്ടാകുന്ന 5 വിവാഹത്തെ പ്രതിനിധീകരിച്ചു. 6 സൃഷ്ടിയുടെ സംഖ്യ (വിവാഹത്തിന്റെ തുടർച്ചയാണല്ലോ സൃഷ്ടി).ഇങ്ങനെ പോകുന്ന പൈതഗോറസിന്റെ ചിന്താപഥത്തിലെ ഭാവനാ വിലാസങ്ങൾ.

കാഞ്ചന കൊച്ചുമോൻ
9B

## *THE WIND IS BLOWING*

The wind is blowing
The wind is blowing

The plants are growing
The flowers are blooming
When the sun is rising

The wind is blowing
The wind is blowing

The heart is growing
There is heap of sand
On the land

The wind is blowing
The wind is blowing

The moon is round
And sees the ground
It makes the baby's room bright
Which for the baby is a delight
The wind is blowing



Rona Thomas
9A

## വർഗവും വർഗമൂലവും
പൂർണവർഗങ്ങളുടെ പ്രത്യേകതകൾ വിശദമാക്കുന്ന ഒരു കവിത ശ്രദ്ധിക്കൂ

പൂർണവർഗത്തിൽ ഒന്നാം സ്ഥാനത്ത്
വരുന്ന അക്കങ്ങൾ ഏതൊക്കെ?
വന്നീടുമക്കങ്ങൾ ഏതൊക്കെ?
അറിയാമൊ പറയാമൊ പറയാൻ നിങ്ങൾക്കറിയാമൊ?
ഒന്ന്, നാല് ,അഞ്ച്, ആറ് ,ഒൻപത് ,പൂജ്യം ഇവയെല്ലാം
ഒന്നാം സ്ഥാനത്ത് വന്നീടാം ഒന്നാം സ്ഥാനത്ത് വന്നീടാം
രണ്ടോ മൂന്നോ ഏഴോ എട്ടോ
ഒന്നാം സ്ഥാനത്ത് വന്നീടിൽ
തീർത്തങ്ങുപറഞ്ഞേക്കു
പൂർണവർഗങ്ങളല്ലെന്ന്പൂർണവർഗങ്ങളല്ലെന്ന്

അർജുൻ വിജയ് പി വി
9A

# മാരിവില്ല്

ആകാശത്തിൽ വർണകിരീടം
മഴയുടെ വരവ് വിളിച്ചറിയിക്കും
സുന്ദരമാം മഴവില്ല്
മഴക്കു മുൻപ് നീലാകാശം
സുന്ദരമാക്കും മഴവില്ല്
എന്നും ഞങ്ങൾ കാണാൻ കൊതിക്കും
നിൻ സുന്ദരമാം ഏഴു നിറങ്ങൾ
നീ മാനത്തു നില്ക്കുമ്പോളീ
ഞങ്ങൾക്കൊത്തിരി സന്തോഷം
ഭൂമിക്കെന്നും കുളിരേകാൻ നീ
എത്തുന്നുണ്ടെപ്പോഴും
മഴവില്ലേ നീ പോകരുതേ
മായല്ലേ മറയല്ലേ

ആര്യനന്ദ റ്റി എസ്
9A



സൃഷ്ടി



എം റ്റി വി എച്ച് എസ് എസ് കുന്നം

## നല്ല സുഹൃത്ത്

ഒരു കാട്ടിൽ അഹങ്കാരികളായ രണ്ട് മൈനകൾ ഉണ്ടായിരുന്നു. ഒരു വലിയ ആൽ മരത്തിലായിരുന്നു അവരുടെ താമസം.ആൽ മരത്തിന്റെ താഴെ ഒരു മാളത്തിൽ ഒരു കൂട്ടം ഉറുമ്പുകൾ താമസിച്ചിരുന്നു. മൈനകളുമായി കൂട്ടു കൂടണമെന്നായിരുന്നു ഉറുമ്പുകളുടെ ആഗ്രഹം. കൂട്ടിലിരുന്നപ്പോൾ ഉറുമ്പുകൾ മൈനകളോട് ചോദിച്ചു "ഞങ്ങളെയുംനിങ്ങളുടെ കൂട്ടുകാരാക്കാമൊ".ഇത്രയും വലിപ്പവും സൗന്ദര്യവുമുള്ള ഞങ്ങൾ ഇത്ര ചെറിയ ഞങ്ങളോട് കൂട്ടുകൂടിയാൽ മറ്റുള്ളവർ ഞങ്ങളെ കളിയാക്കും എന്നായിരുന്നു മൈനകളുടെ മറുപടി.ഇതുകേട്ട ഉറുമ്പുകൾ വിഷമത്തോടെ തങ്ങളുടെ മാളത്തിലേക്ക് തിരിച്ചു പോയി.

അങ്ങനെ ദിവസങ്ങൾ കടന്നു പോയി.മൈനകൾ മുട്ടയിട്ട് വിരിഞ്ഞു.കുഞ്ഞുങ്ങൾക്ക് ചിറക് മുളക്കാൻ തുടങ്ങി.ആസമയംഒരു വേടനും സഹായിയും കാട്ടിൽ വന്നു.കുഞ്ഞുങ്ങളുടെ ശബ്ദം കേട്ട വേടൻ മരത്തിന് മുകളിലേക്ക് നോക്കി. വേടൻ തന്റെ അമ്പും വില്ലും സഹായികളെ ഏല്പിച്ച് മരത്തിന്റെ മുകളിൽ കയറി.അതു കണ്ട ഉറുമ്പുകൾ കൂട്ടത്തോടെ മരത്തിന്റെ മുകളിൽ കയറി വേടനെ കടിക്കാൻ തുടങ്ങി.വേദന കൊണ്ട് പുളഞ്ഞ വേടൻ പിടിവിട്ട് മരത്തിൽ നിന്നും താഴെ വീണു.കാലുകൾ ഒടിഞ്ഞ വേടനെ സഹായികൾ എടുത്തു കൊണ്ട് പോയി.തങ്ങളുടെ കുഞ്ഞുങ്ങളെ രക്ഷിച്ച ഉറുമ്പുകളോട് മൈനകൾ നന്ദി പറഞ്ഞു.പിന്നീടുള്ള കാലം അവർ കൂട്ടുകാരായി സന്തോഷത്തോടെ ജീവിച്ചു.

അനഘ കൃഷ്ണ

9B

# THE SKY

I STOOD BY WINDOW AT NIGHT
AND LOOKED AT THE MOON FOR LIGHT
HOW BEAUTIFUL IS THE SKY !
MADE BY GOD FOR ME TO SPY

THE MOON STOOD SMILING
TO ME SHE WAS HAILING
TO LOOK AT BEAUTY AND
I LOOKED TO DO MY DUTY

JERIN THOMAS
9A

# നന്ദി



ലിറ്റിൽ കൈറ്റ്സ് കുരുന്നുകൾ ഒരുക്കിയ നന്മയും സ്നേഹവുംനിറഞ്ഞഈ കലാസൃഷ്ടികൾ മനുഷ്യമനസ്സിൽ വെളിച്ചംപകരുകയുംസ്നേഹത്തിന്റെയുംയുഐക്യത്തിന്റെയും തുരുത്തുകൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നു.

ഈസാങ്കേതികസൃഷ്ടിയുടെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കൈറ്റ്മാസ്റ്റേഴ്സ് ,ഹെഡ്മിസ്ട്രസ്,മറ്റ്അദ്ധ്യാപകർ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു